**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൊല്ലം ജില്ല കുളക്കട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. വി. അജിത സമർപ്പിച്ച അപ്പീൽ അപേക്ഷ - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.3172/2017/തസ്വഭവ തീയതി, തിരുവനന്തപുരം, 28.09.2017

---

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 19/07/2016-ലെ ഡി6-43727/14 നമ്പർ നടപടിക്രമം

2. ശ്രീമതി. വി. അജിത തീയതി രേഖപ്പെടുത്താതെ സമർപ്പിച്ച അപ്പീൽ അപേക്ഷ

3. 11.01.2017-ലെ 258/ഇപിബി2/2016/തസ്വഭവ നമ്പർ സർക്കാർ കത്ത്

4. കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 10.03.2017-ലെ A1(1) 895/17/GW നമ്പർ കത്ത്

**ഉത്തരവ്**

പുത്തൂർ വില്ലേജിൽ വെണ്ടാർ ചുനക്കര എന്ന സ്ഥലത്ത് സർവ്വേ നമ്പർ 370/16 എന്ന വസ്തുവിൽ പാറ ഖനനം നടത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പും മലിനീകര നിയന്ത്രണ ബോർഡും അനുമതി നല്കിയതിന്റെ അടിസ്ഥാനത്തിൽ ടി വസ്തുവിനോട് ചേർന്ന് കിടക്കുന്ന 372/12 നമ്പർ വസ്തുവിലും ഖനനം നടത്തുന്നതിന് അനുമതി നല്കിയതിന് കുളക്കട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. വി. അജിതയുടെ 2 വാർഷിക വേതനവർദ്ധനവ് സഞ്ചിതഫലത്തോടെ തടഞ്ഞ് പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ഉത്തരവിനെതിരെ ടിയാരി പരാമർശം (2) പ്രകാരം അപ്പീൽ അപേക്ഷ സമർപ്പിക്കുകയുണ്ടായി.

താൻ കൊല്ലം ജില്ലയിലെ കുളക്കട ഗ്രാമാഞ്ചായത്ത് സെക്രട്ടറിയായി സേവനമനുഷ്ഠിക്കെ പുത്തൂർ വില്ലേജിലെ സർവ്വേ നമ്പർ 370/16,372/12 എന്നിവയിൽപ്പെട്ട സ്ഥലത്ത് നിന്നും പാറ ഖനനം ചെയ്യുന്നതിനുള്ള ലൈസൻസിനായി ശ്രീ. ഉദയൻ കെ, കിഴക്കേക്കര വീട്, പട്ടാഴി എന്നയാൾ സമർപ്പിച്ച അപേക്ഷ ക്രമപ്രകാരമല്ലാതിരുന്നിട്ടും അത് പരിശോധിക്കാതെ ലൈസൻസ് അനുവദിച്ചിരുന്നുവെന്നും എന്നാൽ പിശക് ബോധ്യപ്പെട്ടതിനെത്തുടർന്ന് ടി വിഷയം 24/07/2014 ലെ പഞ്ചായത്ത് സമിതിയിൽ വയ്ക്കുകയും സമിതിയുടെ 5(1) നമ്പർ തീരുമാനത്തിന്റെ വെളിച്ചത്തിൽ ടി ലൈസൻസ് റദ്ദാക്കി പകരം അന്യൂനമായ ലൈസൻസ് എഴുതി 30/07/2014 ൽ അപേക്ഷകനു നൽകുകയും ചെയ്തിട്ടുണ്ടെന്നും 14/07/2014 മുതൽ 30/07/2014 വരെയോ പിന്നീടോ 372/12 എന്ന സർവ്വേ നമ്പറിലുള്ള വസ്തുവിൽനിന്നും യാതൊരു ഖനനവും ഉണ്ടായിട്ടില്ലെന്നും ലൈസൻസ് 31/03/2015 ൽ അവസാനിച്ചിട്ടുള്ളതാണെന്നും ടിയാൾ ബോധിപ്പിച്ചിട്ടുണ്ട്. സാഹചര്യങ്ങൾ ഇതായിരിക്കെ പഞ്ചായത്ത് ഡയറക്ടർ തനിക്കെതിരെ മേൽ വിഷയത്തിൽ അച്ചടക്ക നടപടികൾ ആരംഭിക്കുകയും 29/04/2015-ൽ ഡി6-43727/2014 നമ്പറിൽ കുറ്റാരോപണ മെമ്മോ പുറപ്പെടുവിക്കുകയും താൻ അതിനെതിരെ എതിർവാദ പത്രിക സമർപ്പിക്കുകയും ചെയ്തിരുന്നുവെന്നും എന്നാൽ എതിർവാദ പത്രികയിൽ താൻ വിശദമാക്കിയിരുന്ന കാര്യങ്ങളൊന്നും പഞ്ചായത്ത് ഡയറക്ടർ പരിഗണിക്കാതെയും തന്നെ നേരിൽ കേൾക്കാതെയും തന്റെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടഞ്ഞ് ഉത്തരവ് പുറപ്പെടുവിക്കുകയാണുണ്ടായതെന്നും ടിയാരി സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ ബോധിപ്പിക്കുകയുണ്ടായി.

ശ്രീമതി. വി. അജിത സമർപ്പിച്ച അപ്പീൽ അപേക്ഷയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ തീർപ്പ ഫയൽ ലഭ്യമാക്കി സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കഠിന ശിക്ഷയുള്ള കുറ്റപത്രം നല്കുകയും തുടർന്ന് ചട്ടപ്രകാരം കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിക്കുകയും അന്വേഷണ വിചാരണ ഉൾപ്പെടെയുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കുകയും ചെയ്തതായി കാണുന്നു. പഞ്ചായത്ത് ഡയറക്ടറോട് നേരിൽ കേൾക്കണമെന്ന് ടിയാരി അഭ്യർത്ഥിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് ഡയറക്ടർക്ക് വേണ്ടി ഔപചാരിക അന്വേഷണ ഉദ്യോഗസ്ഥൻ ശ്രീമതി. അജിതയെ നേരിൽ കേട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ തന്നെ നേരിൽ കേട്ടില്ലെന്ന ടിയാളുടെ വാദം നിലനിൽക്കുന്നതല്ല. അന്വേഷണ ഉദ്യോഗസ്ഥൻ സമർപ്പിച്ച റിപ്പോർട്ടിലെ ലൈസൻസ് അനുവദിക്കുന്നത് സംബന്ധിച്ച് ശ്രീമതി. അജിതയുടെ ഭാഗത്തുനിന്നുണ്ടായ തെറ്റ് മനഃപൂർവ്വമല്ലെന്ന് കരുതാമെങ്കിലും പരിസ്ഥിതി പ്രശ്നം ഉണ്ടാക്കുന്ന പാറ ഖനനം പോലെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നല്കുമ്പോൾ സർവ്വേ നമ്പറിന് വളരെ പ്രാധാന്യമുള്ളപ്പോൾ തെറ്റ് സംഭവിച്ചത് സെക്രട്ടറിയുടെ കൃത്യനിർവ്വഹണത്തിലെ അലംഭാവമായി കരുതേണ്ടതാണ് എന്ന പരാമർശത്തിന്റെ അടിസ്ഥാനത്തിലാണ് ടിയാളുടെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടഞ്ഞ് പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. ടിയാരിയുടെ ഭാഗത്ത് നിന്ന് വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും രണ്ട് വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെ തടയുക എന്ന ശിക്ഷ നല്കാൻ തക്ക സാഹചര്യം നിലവിലില്ല എന്ന് കാണുന്നതിൽ ടി ശിക്ഷ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ ലഘൂകരിക്കാൻ തീരുമാനിച്ച് പരാമർശം (3) പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും കമ്മീഷൻ പരാമർശം (4) പ്രകാരം ടി സർക്കാർ തീരുമാനത്തോടോ യോജിക്കുന്നു എന്നറിയിക്കുകയും ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ ശ്രീമതി. വി. അജിതയുടെ 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിതഫലത്തോടെ തടയുക എന്ന പഞ്ചായത്ത് ഡയറക്ടറുടെ ശിക്ഷണ നടപടി 2 വാർഷിക വേതന വർദ്ധനവുകൾ സഞ്ചിത ഫലത്തോടെയല്ലാതെ തടയുക എന്നാക്കി ലഘൂകരിച്ച് ശ്രീമതി. വി. അജിത സമർപ്പിച്ച അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**പാറ്റ്സി സ്റ്റീഫൻ**
ഡെപ്യൂട്ടി സെക്രട്ടറി

1. ശ്രീമതി. വി. അജിത, സെക്രട്ടറി, റാന്നി-പെരുനാട് ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട
   (മുൻ സെക്രട്ടറി, കുളക്കട ഗ്രാമപഞ്ചായത്ത്)
   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം/പത്തനംതിട്ട
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി2/258/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ